**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1326** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. പ്രേംകുമാർ,<br>ഡോ സുജിത് വിജയൻപിള്ള | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് ഓൺലൈൻ പഠനരംഗത്ത് ഭിന്നശേഷി വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാലത്ത് ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു; വിശദാംശങ്ങൾ നൽകാമോ; | (ബി) | 21 തരം വൈകല്യങ്ങൾ അനുഭവിക്കുന്നവർക്ക് ഗവൺമെന്റിന്റെ വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതു പരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. 40 % മോ അതിലധികമോ വൈകല്യമുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ നിരവധി പഠന പ്രവർത്തനങ്ങൾ വിവിധ വിദ്യാഭ്യാസ ഏജൻസികൾ നടപ്പിലാക്കി വരുന്നു. സമഗ്ര ശിക്ഷാ കേരളയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പ്രോത്സാഹനത്തിന്റെ ഭാഗമായി കോവിഡ് കാലത്ത് ചുവടെ പറയുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 1. കോവിഡിന്റെ പശ്ചാത്തലത്തിലാണ് ഫസ്റ്റ് ബെൽ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചിരിക്കുന്നത്. കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ പ്രക്ഷേപണം ചെയ്ത ക്ലാസുകൾ എല്ലാ കുട്ടികളേയും ലക്ഷ്യം വച്ചായിരുന്നു. എന്നാൽ ഈ ക്ലാസുകൾ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഫലപ്രദമായിരുന്നില്ല. അവർക്ക് വേണ്ടി ഫസ്റ്റ് ബെല്ലിന്റെ ചുവടു പിടിച്ച് വൈറ്റ് ബോർഡ് എന്ന പേരിൽ ക്ലാസുകൾ ആരംഭിച്ചു. വിവിധ കാറ്റഗറിയിൽപ്പെട്ട ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും വേണ്ടിയാണ് വൈറ്റ് ബോർഡ് ക്ലാസുകൾ ആരംഭിച്ചത്. വിവിധ യുട്യൂബ് ചാനലുകൾ, വെബ് സൈറ്റ് എന്നിവയുടെ സഹായത്തോടെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ക്ലാസുകൾ കുട്ടികളിലെത്തിക്കുകയും ചെയ്യുന്നുണ്ട്. |

ഏപ്രിൽ മാസം മുതൽ തന്നെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പ് വരുത്തി. 2. കിടപ്പിലായ കുട്ടികൾ ഉൾപ്പെടെയുള്ള ഭിന്നശേഷി കുട്ടികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് ടാബ് ലെറ്റുകൾ വിതരണം ചെയ്തു. നിരവധി കുട്ടികൾക്ക് വിവിധ സംഘടനകളുടെയും വ്യക്തികളുടെയും സഹായത്തോടെ ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തി. 3. ടോക്കിംഗ് ടെക്സ്റ്റ് (ശബ്ദപാഠങ്ങൾ) തയ്യാറാക്കി കുട്ടികൾക്ക് നൽകി. 4. ഡിജിറ്റൽ വീഡിയോ ക്ലാസുകളുടെ തുടർപിന്തുണാ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്ക് വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകി. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി എസ്.സി.ഇ.ആർറ്റി നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. (i) മുദ്രികാപഠനം കേരളത്തിലെ സവിശേഷ വിദ്യാലയങ്ങളിലെ (ശ്രവണ പരിമിതി) അദ്ധ്യാപകർക്ക് ഇന്ത്യൻ സൈൻ ലാംഗ്വേജിന്റെ അടിസ്ഥാന പാഠങ്ങളാണ് 10 വീഡിയോ ക്ലാസുകളിലൂടെ നൽകിയത്. (ii)ശ്രുതിപാഠം- ഓഡിയോ ലൈബ്രറി കാഴ്ച വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മികച്ച ശബ്ദ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി. 100 ദിവസം കൊണ്ട് 100 പുസ്തകങ്ങൾ ശ്രാവ്യരൂപത്തിലേക്ക് മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഹയർ സെക്കന്ററി വിഭാഗത്തിലെ എൻ.എസ്.എസ് സന്നദ്ധ സേവകരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ഇതു നടപ്പിലാക്കുന്നത്. ഗണിനിപ്രഭ കോവിഡ് കാലത്ത് പാഠ്യപദ്ധതി വിനിമയം ഫലപ്രദമായി നിർവഹിക്കുന്ന തിന് സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർക്കുള്ള ഡിജിറ്റൽ സാങ്കേതിക പരിശീലനം നൽകുന്ന പദ്ധതി. 8 ബാച്ചുകളിലായി 3300 അധ്യാപ കർക്ക് പ്രസ്തുത പരിശീലനം നൽകുകയുണ്ടായി. (iv) സമീക്ഷാപദ്ധതി കേരളത്തിലെ കാഴ്ച പരിമിതി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ശാരദ ബ്രെയിൽ റൈറ്റർ എന്ന സോഫ്റ്റ്വെയറുമായി ബന്ധപ്പെടുത്തി നൽകുന്ന ഓൺലൈൻ അധ്യാപക ശാക്തീകരണ പരിപാടിയാണിത്. (v) തേൻകൂട് ബുദ്ധിപരിമിതരായ കുട്ടികൾക്ക് പഠനപിന്തുണ ഒരുക്കുന്ന സംവിധാനമാണ് തേൻകൂട് ആപ്ലിക്കേഷൻ. (vi)ഡിജിറ്റൽ ക്ലാസ്സുകൾ ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള അനുരൂപീകരണ ഡിജിറ്റൽ

| | | | |
|---|---|---|---|
| | | | ക്ലാസ്സുകൾ എസ്.സി.ഇ.ആർ.ടി യുടെ യൂട്യൂബ് ചാനലിലൂടെ നൽകി വരുന്നു. |
| (സി) | പ്രസ്തുത കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (സി) | കാഴ്ച പരിമിതി , ശ്രവണ പരിമിതി വിഭാഗം കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിലവിലുണ്ട്. |
| (ഡി) | കാഴ്ചക്കുറവ്, കേൾവിക്കുറവ്, ബുദ്ധി പരിമിതരായ വിദ്യാർത്ഥികൾ എന്നിവർക്കുള്ള സിലബസ് അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രയോജനപ്പെടുത്താനുതകുന്ന തരത്തിൽ എല്ലാ വിഷയങ്ങളുടെയും പഠന വീഡിയോ തയ്യാറാക്കി സംപ്രേഷണം ചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കാഴ്ച/കേൾവി/ബുദ്ധിപരിമിതി നേരിടുന്ന വിദ്യാർത്ഥികൾക്കായിട്ടുള്ള അനുരൂപീകരണ ക്ലാസ്സുകൾ നൽകി വരുന്നു. എസ്.സി.ഇ.ആർ.ടി യുടെ ആഭിമുഖ്യത്തിൽ ഫസ്റ്റ്ബെൽ ക്ലാസ്സുകളിലെ പ്രയാസമേറിയ ഭാഗങ്ങൾ അനുരൂപീകരണം നടത്തി വീഡിയോ ക്ലാസുകളായി യൂട്യൂബ് ചാനൽ വഴി നൽകി വരുന്നു. സമഗ്രശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ വൈറ്റ് ബോർഡ് എന്ന പദ്ധതി പ്രകാരം അനുരൂപീകരണം നടത്തിയ വീഡിയോ ക്ലാസ്സുകളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ